പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനം

46 [4787] ശ്രീ. സി. ടി. അഹമ്മദ് അലി:
„ സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം പ്രവർത്തിയെടുത്തവരിൽ നിന്നുള്ള പെൻഷൻ അപേക്ഷകളിൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര അപേക്ഷകർ ഉണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്ത മാക്കാമോ?

ഉത്തരം

(എ) 1993-94-ൽ ആരംഭിച്ച 'പ്രത്യേക തൊഴിൽദാന പദ്ധതി' പ്രകാരം 60 വയസ്സു പൂർത്തിയാകുമ്പോൾ മുതൽ നൽകുന്ന നോർമൽ പെൻഷന് അർഹത നേടാൻ അംഗങ്ങൾക്ക് പ്രായമെത്തിയിട്ടില്ല. അവശതാ പെൻഷനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവ വിശദ പരിശോധനയിലാണ്.

(ബി) 24 പേർ അപേക്ഷിച്ചിട്ടുണ്ട്.

തിരുവനന്തപുരം	:	2 എണ്ണം
കൊല്ലം	:	2 „
പത്തനംതിട്ട	:	1 „
ആലപ്പുഴ	:	4 „
കോട്ടയം	:	5 „
തൃശ്ശൂർ	:	2 „
മലപ്പുറം	:	3 „
വയനാട്	:	1 „
കോഴിക്കോട്	:	1 „
കണ്ണൂർ	:	3 „
ആകെ		24 എണ്ണം

(സി) അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം എത്രയും വേഗം തീർപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly